**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4232** **06-03-2023 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മഹാമാരി നേരിടുന്നതിന്റെ ഭാഗമായി ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ആകെ എത്ര രൂപയാണ് നീക്കിവച്ചതെന്ന് അറിയിക്കുമോ; | (എ) | കോവിഡ് മഹാമാരി നേരിടുന്നതിന്റെ ഭാഗമായി ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് 2021-22 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതനുസരിച്ച് 26.07.2021 ലെ GO(Rt) No.1555/2021/H&FWD ഉത്തരവ് പ്രകാരം കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിൽ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ 50% എം. എൽ. എ. ആസ്തി വികസന ഫണ്ടും 50% കിഫ്ബി ഫണ്ടും ഉപയോഗിച്ച് സ്ഥാപിക്കുന്നതിനായി 250.69 കോടി രൂപയുടെ ഭരണാനുമതി സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതു പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി ആകെ 236.30കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. Total Project cost (Rs.236,30,00,000/-) ന്റെ 50% ആയ 118.15 കോടി രൂപയാണ് എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ആവശ്യമായി വരുന്നത്. |
| (ബി) | പ്രസ്തുത തുകയിൽ നിന്നും നാളിതുവരെ എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയ്ക്കായി ആകെ 70,53,28,163/- രൂപ കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. ആസ്തി വികസന ഫണ്ടിൽ നിന്നുള്ള വിഹിതം ചെലവഴിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (സി) | സംസ്ഥാനത്ത് നാളിതുവരെ നിർമ്മാണം പൂർത്തിയാക്കി ബില്ലുകൾ സമർപ്പിച്ചിട്ടുള്ള ഐസൊലേഷൻ വാർഡുകളുടെ എണ്ണം എത്രയാണ്; മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (സി) | നാളിതുവരെ 10 ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട് എന്നും ടി സൈറ്റുകളിൽ സ്ലാഗ് ഇൻസ്പെക്ഷൻ പൂർത്തിയാക്കാത്തതുകൊണ്ടും കൂടാതെ ഫൈനൽ ബില്ലുകൾ ശരിയായ ഫോർമാറ്റിൽ അല്ലാത്തതുകൊണ്ടും പൂർണ്ണമായുള്ള ബിൽ തുക നൽകാൻ സാധിച്ചിട്ടില്ല എന്ന് നിർദ്ദിഷ്ട എസ്. പി. വി. ആയ കെ. എം. എസ്. സി. എൽ. അറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയായി ഉത്ഘാടനം കഴിഞ്ഞ ഐസൊലേഷൻ |

| | | | |
|---|---|---|---|
| | | | വാർഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>ഉത്ഘാടനം കഴിഞ്ഞ ഐസൊലേഷൻ വാർഡുകൾ</u>

| SL NO | ജില്ല | നിയോജകമണ്ഡലം | ആരോഗ്യകേന്ദ്രം |
|---|---|---|---|
| 1 | തിരുവനന്തപുരം | കോവളം | സിഎച്ച്സി പൂവാർ |
| 2 | കൊല്ലം | ചാത്തന്നൂർ | സിഎച്ച്സി നെടുങ്ങോലം |
| 3 | കൊല്ലം | കുണ്ടറ | സിഎച്ച്സി നെടുമ്പന |
| 4 | കൊല്ലം | ചവറ | ടിഎച്ച് തെക്കുംഭാഗം |
| 5 | കൊല്ലം | വടക്കാഞ്ചേരി | ഡിഎച്ച് വടക്കാഞ്ചേരി |
| 6 | തൃശൂർ | കുന്നംകുളം | സിഎച്ച്സി പഴഞ്ഞി |
| 7 | തൃശൂർ | ചേലക്കര | സിഎച്ച്സി പഴയന്നൂർ |
| 8 | മലപ്പുറം | തിരുർ | സിഎച്ച്സി വളവന്നൂർ |
| 9 | കോഴിക്കോട് | കോഴിക്കോട് സൗത്ത് | മെന്റൽ ഹോസ്പിറ്റൽ കോഴിക്കോട് |
| 10 | കോഴിക്കോട് | കോഴിക്കോട് നോർത്ത് | ഗവ ഡെർമറ്റോളജി |